മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ:)

തൽക്കാലം അത്തരമൊരു നിർദ്ദേശം നടപ്പിൽവരുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

മിതമായ വിലയ്ക്ക് സാധനങ്ങൾ ലഭ്യമാക്കാൻ നടപടി

* 651 [708] ശ്രീ. കെ. കെ. എസ്. തങ്കം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മിതമായ വിലയ്ക്ക് ഗ്രാമപ്രദേശങ്ങളിൽ അവശ്യ സാധനങ്ങൾ ലഭിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതുവിധത്തിൽ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി എസ്. ജോൺ):

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കുറഞ്ഞത് ഓരോ റീട്ടെയിൽ വിൽപനശാലയെങ്കിലും ന്യായമായ വിലയ്ക്ക് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി തുറക്കാനാണ് ഉദ്ദേശം. പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഇത്തരം വിൽപനശാലകൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഒരു താലൂക്കിലെങ്കിലും തുടങ്ങാനാണ് നിശ്ചയിച്ചിട്ടുള്ളത്. റേഷനരി, അല്ലാത്ത അരി, ഗോതമ്പുൽപ്പന്നങ്ങൾ, പയറുവർഗ്ഗങ്ങൾ, മണ്ണെണ്ണ, കേരഭക്ഷ്യഎണ്ണ തുടങ്ങിയ അത്യാവശ്യ സാധനങ്ങളായിരിക്കും ഈ കടകളിലൂടെ വിതരണം ചെയ്യുന്നത്.

തിരുവനന്തപുരം—കന്യാകുമാരി റെയിൽവേ ലൈൻ

*652 [709] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കേരഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം—കന്യാകുമാരി റെയിൽവേ ലൈനിന്റെ ഉൽഘാടനം എന്നത്തേയ്ക്കു നടത്താൻ കഴിയും ;

(ബി) തൃശൂർ—ഗുരുവായൂർ റെയിൽവേ ലൈൻ പണി തുടങ്ങുന്നതിന് ഉദ്ദേശമുണ്ടോ ;

(സി) ഷൊർണൂർ—എറണാകുളം റെയിൽവേ ലൈൻ വൈദ്യുതീകരണം എന്തായി ;

(ഡി) ഇക്കാര്യത്തിന് കേരളത്തിന്റെ സഹായം കിട്ടുന്നില്ലെന്നുള്ള കേന്ദ്ര വകുപ്പുതാക്കളുടെ വിമർശനത്തിന് എന്തു മറുപടിയാണ് പറയാനുള്ളത് ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) പ്രധാനമന്ത്രി ഏപ്രിൽ 15-ാം തീയതി ഉൽഘാടനം ചെയ്യാൻ പരിപാടി എന്നറിയുന്നു.

LIBRARY ARCHIVES Kerala Legislative Assembly